# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37 | 06.03.2012 -ൽ മറുപടിയ്ക്ക് |
|---|---|

### കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. പി.കെ. ബഷീർ:<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ. സി.മമ്മൂട്ടി: | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ | കുട്ടികളുടെ ശ്രവണ വൈകല്യ പരിഹാരത്തിനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് ധന സഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ | പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി | എങ്കിൽ അതിന്റെ വിശദവിവരം നല്കാമോ; | ബി | 0 മുതൽ 3 വയസ്സുവരെയുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്ന പദ്ധതിയാണിത്. സ.ഉ. (എം.എസ്) നം. 61/2011 സാ.ക്ഷേ.വ തീയതി 22/12/2011 പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടപ്പിലാക്കുന്നതിന് അംഗീകാരം നല്കിയിട്ടുണ്ട്. ആയത് പ്രകാരം കേരള സാമൂഹ്യസുരക്ഷാമിഷൻ അപേക്ഷ സ്വീകരിച്ചു വരുന്നു. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വ്യവസ്ഥകൾക്കു വിധേയമായി സ്ക്രീനിംഗ് നടത്തി വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കുറവുള്ള കുടുംബത്തിൽപ്പെട്ട കുട്ടികളെ തെരെഞ്ഞെടുക്കുവാനായി ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനർമാരായിട്ടുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ടെക്നിക്കൽ കമ്മറ്റിക്ക് സമർപ്പിക്കുകയും തുടർന്ന് റീജിയണൽ ടെക്നിക്കൽ കമ്മറ്റി തെരഞ്ഞെടുക്കുന്ന അപേക്ഷകൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മറ്റിക്ക് തീരുമാനമെടുക്കുവാനായി സമർപ്പിക്കും. പ്രസ്തുത കമ്മറ്റി തെരെഞ്ഞെടുക്കുന്ന അപേക്ഷകർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിന് ഒരു കുട്ടിക്ക് ഏകദേശം 5 ലക്ഷം രൂപ സർക്കാർ ചെലവ് വഹിക്കാൻ ഉദ്ദേശിക്കുന്നു. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | ധനസഹായം ആശുപത്രികൾ മുഖേന വിതരണം ചെയ്യാനാണോ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി | ടെക്നിക്കൽ കമ്മറ്റിയുടെയും നെഗോസിയേഷൻ കമ്മറ്റിയുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ നിലവാരമുള്ള ഇംപ്ലാന്റ് ഉപകരണങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ സപ്ലൈയർമാരിൽ നിന്നും സർക്കാർ നേരിട്ട് ശേഖരിച്ച് സർജറിക്ക് ലഭ്യമാക്കുന്നതാണ്. ധന സഹായം ആശുപത്രികൾക്ക് നേരിട്ട് നൽകുന്നതല്ല. |
| ഡി | സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന സർജറിക്ക് ധന സഹായം നല്കാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ടോ; | ഡി | സംസ്ഥാന ആരോഗ്യവകുപ്പ് എംപാനൽ ചെയ്യുന്ന ആശുപത്രികളും നിർദ്ദേശിക്കുന്ന ഡോക്ടർമാരും നടത്തുന്ന സർജറി മാത്രമാണ് ടി പദ്ധതിയിൽപ്പെടുന്നത്. ഇപ്രകാരം എംപാനൽ ചെയ്യപ്പെടുന്നവയിൽ സ്വകാര്യ ആശുപത്രികൾ ഉൾപെടുന്നുവെങ്കിൽ ടി ആശുപത്രികളിലെ ശസ്ത്രക്രിയകൾക്കും ഇംപ്ലാന്റ് ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ | സംസ്ഥാനത്തെ സർക്കാർ ആശുപത്രി കളിൽ എവിടെയെല്ലാമാണ് ഈ സർജറിക്ക് സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ? | ഇ | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർജറി നടത്തുവാൻ സൗകര്യമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർജറി സൗകര്യമുണ്ടെങ്കിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ പരിമിതിയുണ്ട്. |

R. Vijayan

**സെക്ഷൻ ഓഫീസർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്